കേരള നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 5, വ്യാഴം

വാല്യം XLVII] ഔദ്യോഗികറിപ്പോർട്ട് [നമ്പർ 35

നിയമസഭ 1979 ഏപ്രിൽ 5-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ; ആർഡർ ആർഡർ. ചോദ്യം 819.

മലയോരപ്രദേശങ്ങൾ

*752 [819] ശ്രീ. സിറിയക്ക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോരപ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) മലയോരപ്രദേശമായി പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണ്;

(സി) മലയോരപ്രദേശങ്ങളെ പ്രത്യേകമായി നോട്ടിഫൈ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) മലയോരപ്രദേശങ്ങളുടെ എല്ലാ നിലയിലുമുള്ള പിന്നോക്കാവസ്ഥ പരിഗണിച്ച് ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, (എ) പശ്ചിമഘട്ട വികസനപദ്ധതിയനുസരിച്ച് താൽക്കാലികമായി ഇതിനോടനുബന്ധിച്ച പട്ടികയിൽ * പറയുന്ന താലൂക്കുകൾ മലയോരപ്രദേശങ്ങളായി നിശ്ചയിച്ചിട്ടുണ്ട്.

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) 600 മീററോ അതിൽകൂടുതലോ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും ഉയർന്ന പ്രദേശങ്ങൾക്ക് സമീപസ്ഥമായ സ്ഥലങ്ങൾ ഉൾക്കൊള്ളുന്നതുമായ താലൂക്കുകളെയാണ് മലയോരപ്രദേശ താലൂക്കുകളായി പശ്ചിമഘട്ട വികസന പദ്ധതിപ്രകാരം കണക്കാക്കിയിട്ടുള്ളത്.

(സി, ഡി) കൃഷി, ഗതാഗതം, വാർത്താവിനിമയം, വിദ്യുച്ഛക്തി മുതലായ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നല്കി മലയോര പ്രദേശങ്ങളുടെ വികസനത്തിനുള്ള പദ്ധതികളാവിഷ്കരിക്കുവാൻ ഗവൺമെൻറിന്റെ നിർദ്ദേശാനുസരണം സംസ്ഥാനപ്ലാനിംഗ് ബോർഡ് ഒരു പഠനസമിതിയെ നിയമിച്ചിട്ടുണ്ട്. പഠനസമിതിയുടെ റിപ്പോർട്ട് കിട്ടിയശേഷം മലയോരപ്രദേശങ്ങളുടെ സർവ്വതോമുഖമായ വികസനത്തിനും നടപടികളെടുക്കുന്നതാണ്. സംസ്ഥാന പ്ലാനിംങ്ങ് ബോർഡിനോട് മൂന്നുമാസത്തിനകം സമഗ്രമായ പദ്ധതി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മലയോരപ്രദേശങ്ങളെ പ്രത്യേകം നോട്ടിഫൈ ചെയ്യണമോ വേണ്ടയോ എന്നത് മേൽപ്പറഞ്ഞ കമ്മിററിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

ശ്രീ. സിറിയക് ജോൺ: മലയോരപ്രദേശം താലൂക്കുകളായി തരം തിരിച്ച് പശ്ചിമഘട്ടവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഏത് കാലഘട്ടത്തിലാണ്? യാതൊരു മാനദണ്ഡവുമില്ലാതെ പണ്ടെങ്ങോണ്ടുള്ള ഏതോ സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു തരംതിരിവു നടത്തിയതെന്നുള്ളത്, ഉദാഹരണത്തിന് കൊയിലാണ്ടി താലൂക്ക് ഉൾപ്പെടുത്തുകയും കോഴിക്കോടുതാലൂക്ക് ഉൾപ്പെടുത്താതിരിക്കുകയും ചെയ്തതിൽ നിന്ന്, വ്യക്തമല്ലേ? അതുകൊണ്ട് പഴയ മാനദണ്ഡം ഒന്ന് പുനഃപരിശോധിച്ച് കോഴിക്കോട് താലൂക്ക്കൂടി ഉൾപ്പെടുത്തത്തക്കവിധം പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: പശ്ചിമഘട്ട വികസനത്തിനുള്ള സതേൺ സ്റേറററ്സിന്റെ മുഖ്യമന്ത്രിമാരുടെ ഹൈലെവൽ കമ്മിററി തീരുമാനിച്ചതനുസരിച്ചാണ് ഇത്. അതിൽപിന്നീട് ചില മാററങ്ങളും വന്നിട്ടുണ്ട്. പക്ഷേ ആ തീരുമാനമെടുത്തത് തീരെ വസ്തുതകൾ കണക്കിലെടുക്കാതെയല്ല. ഇറിഗേഷൻ കമ്മീഷൻ ഓഫ് ഗവൺമെൻറ് ഓഫ് ഇൻഡ്യാ തന്ന ഇറിഗേഷൻ അറ്ലസ് വച്ചുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനത്തിലെത്തിയത്. കൂടാതെ പശ്ചിമഘട്ടവികസനത്തിനുവേണ്ടിയുള്ള സ്റേറററ് സെക്രട്ടറിമാരുടെ കമ്മിററി ഈ വസ്തുതകളെ സംബന്ധിച്ച പഠനത്തിനുവേണ്ടി ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആർഗനൈസേഷൻ, ന്യൂഡൽഹിയെ ഏല്പിച്ചു. അവരുടെകൂടി നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്.

ശ്രീ. സിറിയക് ജോൺ: മലയോരപ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ ഗവൺമെൻറിനുതന്നെ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണല്ലോ ബഹുമാനപ്പെട്ട മന്ത്രിതന്നെ മലയോരപ്രദേശങ്ങളുടെ വികസനത്തിന് ഒരതോറിററി രൂപീകരിക്കാമെന്ന് ഉറപ്പു നൽകിയിട്ടുള്ളത്. ഈ അടിസ്ഥാനത്തിൽ മലയോരപ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി ഒരു അതോറിററി രൂപീകരിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് ഈ സഭയിൽ ഉറപ്പുനൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: 1976-ൽ തന്നെ മലയോരപ്രദേശങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്താൻ സംസ്ഥാന പ്ലാനിംഗ് ബോർഡിനു നിർദ്ദേശം നൽകിയിരുന്നു. ഏറ്റവും ഒടുവിലായി 1979 ഫെബ്രുവരി 13-ാം തീയതി ചീഫ് മിനിസ്റ്റർ വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ, മൂന്നുമാസത്തിനുള്ളിൽ ഈ പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് പ്ലാനിങ്ങ് ബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്. ആ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ, ഈ വികസനത്തിൽ കേന്ദ്രീകരിച്ചു ഫലപ്രദമായി പ്രവർത്തിക്കാൻ ഒരു ഹിൽ ഏരിയാ ഡെവലപ്മെന്റ് അതോറിറ്റിയാണാവശ്യം എന്ന നിർദ്ദേശം വരികയാണെങ്കിൽ തീർച്ചയായും അത് പരിഗണിക്കുന്നതായിരിക്കും.

ശ്രീ. പി. കെ. ശ്രീനിവാസൻ: മലയോരപ്രദേശങ്ങളായ കൊല്ലം ജില്ലയിലെ പത്തനംതിട്ട പത്തനാപുരം താലൂക്കുകളിൽ പശ്ചിമഘട്ട വികസനപരിപാടിയുടെ യാതൊരു പരിപാടിയും നടപ്പിലാക്കിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? പശ്ചിമഘട്ട വികസനപദ്ധതിയിലെ ഏതെങ്കിലും പരിപാടി അവിടെ നടപ്പിലാക്കാൻ സത്വരമായി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. ബേബി ജോൺ: ഇപ്പോൾ അവിടെ പുതിയ എന്തെങ്കിലും നടത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. കാരണം, ഇതിനുവേണ്ടി നീക്കിവെച്ചിട്ടുള്ള തുകതന്നെ അപര്യാപ്തമാണ്. എല്ലാ പ്രദേശങ്ങളിലുംകൂടി നടപ്പാക്കാൻ ശ്രമിച്ചാൽ ഫലപ്രദമായി ഒന്നും നടപ്പാകുകയില്ലെന്നുള്ളതുകൊണ്ടാണ് കൂടുതൽ പ്രദേശങ്ങളിലേക്ക് അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാതിരിക്കുന്നത്.

ശ്രീ. പി. കരുണാകരൻ: മലയോരപ്രദേശങ്ങളുടെ വികസനത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് മലയോര ഹൈവേ. ഈ സഭയിൽതന്നെ മുൻപു പറഞ്ഞു മലയോരഹൈവേയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന്. ചില പ്രവർത്തനങ്ങൾ നടന്നുവെന്നും പറഞ്ഞു. അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്? എത്രയൊക്കെ പ്രവർത്തനങ്ങൾ നടന്നുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. ബേബി ജോൺ: നോട്ടീസ് വേണം. പക്ഷേ മലയോർഹൈവേ എന്ന ഐഡിയാ ഗവൺമെന്റ് വിട്ടിട്ടില്ല. പ്രവർത്തനം നടക്കുന്നുണ്ട്. വിശദാംശങ്ങൾ വേണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. കെ. പി. നൂറുദ്ദീൻ: മലയോര പ്രദേശങ്ങളായി കണക്കാക്കുന്നതിനുള്ള മാനദണ്ഡം സൂചിപ്പിച്ചു. നമ്മുടെ സംസ്ഥാനത്ത് കടലോരംതൊട്ട് പശ്ചിമഘട്ടംവരെ നീണ്ടുനിൽക്കുന്ന താലൂക്കുകളുണ്ട്. കടലോര പ്രദേശവുമായി ബന്ധപ്പെടുന്ന താലൂക്കുകൾ എന്നനിലയിൽ അവ മലയോരപ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോകുന്ന സാഹചര്യത്തിൽ അത്തരം താലൂക്കുകൾ വിഭജിച്ച് മലയോരം വേറെയും കടലോരം വേറെയുമാക്കി ആ മലയോരം ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. ബേബി ജോൺ: പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകമായി വിഭജിക്കാൻ ബുദ്ധിമുട്ടുണ്ട്. അതേസമയത്ത് താലൂക്കുകളുടെ പുനർവിഭജനത്തെപ്പറ്റി ഗൗരവമായി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ട് മൂന്നുമാസത്തിനുള്ളിൽ വാങ്ങി പരിഗണിക്കുമെന്നു പറഞ്ഞു. മലയിടിഞ്ഞാത്ത തീരപ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ആ പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി ഒരു റിപ്പോർട്ട് ചോദിച്ച് അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. ബേബി ജോൺ: മലയോരപ്രദേശങ്ങൾക്ക് അവികസിതപ്രദേശം എന്ന നിലയിൽ ടോപ്പ് പ്രയോറിറ്റി കൊടുത്ത് ചെയ്യണമെന്നാണ് നിശ്ചയിച്ചത്. അതുകൊണ്ടു മറ്റു പ്രദേശങ്ങളെ അവഗണിക്കുന്നുണ്ടെന്ന് അർത്ഥമില്ല.

ശ്രീ. പി. ബി. ആർ. പിള്ള: മലയോരപ്രദേശങ്ങൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന വികസനസൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ബേബി ജോൺ: പശ്ചിമഘട്ടവികസന പരിപാടിയനുസരിച്ചുള്ള സൗകര്യങ്ങളാണ്. അതുപോലെ പിന്നോക്കപ്രദേശങ്ങളെന്ന നിലയിൽ കാസർകോട്ടും വയനാട്ടിലും പ്രത്യേകമായ ബഡ്ജറ്റ് അലോട്ട്മെന്റു കൊണ്ട് ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പശ്ചിമഘട്ട സ്കീം അനുസരിച്ചും ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. എം. വി. രാഘവൻ: മലയോരപ്രദേശം എന്നുപറഞ്ഞു താലൂക്കുകളെ ഉൾപ്പെടുത്തുന്നതിനു പകരം പഞ്ചായത്തുകൾ എടുത്തുകൂടേ? സിറ്റി കോർപ്പറേഷൻവരെ ഇപ്പോൾ ചിലെടത്ത് ഉൾപ്പെടുന്നുവെന്നാണ് പറയുന്നത്. അതുകൊണ്ട് അതൊന്ന് ഒഴിവാക്കി മലയോരപ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകൾ സെലക്റ്റു ചെയ്യുന്നതല്ലേ പ്രായോഗികമായിരിക്കുക?

ശ്രീ. ബേബി ജോൺ: സതേൺ സ്റ്റേറ്റ്സിലെ മുഖ്യമന്ത്രിമാരും സെക്രട്ടറിമാരും ഉൾപ്പെടുന്ന കമ്മിറ്റികൾ ഇതിനെപ്പറ്റി ആലോചിച്ചിട്ട് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള മലയോരപ്രദേശങ്ങളുൾപ്പെട്ട താലൂക്കുകൾ എടുക്കാനാണ് തീരുമാനിച്ചത്. തൽക്കാലം അങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: കേരളത്തിൽ അത് പ്രായോഗികമാണോ? തളിപ്പറമ്പുതാലൂക്ക് മലയോരം തൊട്ടുകടലോരം വരെയുണ്ട്. ഹോസ്ദുർഗ് താലൂക്കും അതുപോലെയാണ്. അതുകൊണ്ട് എം.വി.ആർ. അഭിപ്രായപ്പെട്ടതുപോലെ പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ മലയോരവികസനം നടത്തുന്നതല്ലേ പ്രായോഗികം?

ശ്രീ. ബേബി ജോൺ: തളിപ്പറമ്പു താലൂക്ക് മലയോരപ്രദേശങ്ങളുടെ കൂട്ടത്തിൽ കൂട്ടണമെന്ന് ഗവൺമെന്റിനു ആഗ്രഹമുണ്ടായിരുന്നു. പക്ഷേ നേരത്തേ പറഞ്ഞതുപോലെ ടൗൺ ആൻഡ് കൺട്രി പ്ലാനിങ്ങ് ആർഗനൈസേഷൻ പരിശോധിച്ചു വന്നപ്പോഴാണ് തളിപ്പറമ്പ് വെട്ടിപ്പോയത്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: മലയോരപ്രദേശങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ പ്ലാനിംഗ് ബോർഡ് ഒരു കമ്മിറ്റിയെ നിശ്ചയിച്ചുവെന്ന് പറഞ്ഞു. ആ റിപ്പോർട്ട് കിട്ടിയോ; ഇല്ലെങ്കിൽ എന്നത്തേക്കു കിട്ടും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: 1976-ൽ പ്ലാനിങ്ങ് ബോർഡിന്റെ ഒരു വർക്കിംഗ് ഗ്രൂപ്പ് (ശ്രീ. കെ. എസ്. നടരാജൻ ചെയർമാനായിട്ടുള്ള ഒരു വർക്കിംഗ് ഗ്രൂപ്പ്) ഇതിനെപ്പറ്റി പഠിക്കാൻ ഏർപ്പാടു ചെയ്തു. ഏറ്റവും ഒടുവിലായി 13-2-1979-ൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ പ്ലാനിങ്ങ് ബോർഡിനു വ്യക്തമായ നിർദ്ദേശങ്ങളും നൽകി, മൂന്നുമാസത്തിനകം ഇതിനെ സംബന്ധിച്ച റിപ്പോർട്ടു വേണം എന്ന്. അത് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മലയോരപ്രദേശങ്ങളുടെ പ്രത്യേകത കണക്കിലെടുത്തതുപോലെതന്നെ കേരളത്തിലെ പ്രത്യേക പരിതഃസ്ഥിതിയിൽ കടലോരപ്രദേശങ്ങൾക്കുവേണ്ടി ഒരു കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ, ബേബി ജോൺ: അങ്ങനെയൊരു പ്രത്യേക കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി വേണമെന്നുദ്ദേശിക്കുന്നില്ല. കടലോരപ്രദേശങ്ങളുടേയും സമതലപ്രദേശങ്ങളുടേയും കാർഷികവികസനത്തിനു വേണ്ടി സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

കുട്ടികളുടെ സർവ്വവിജ്ഞാനകോശത്തിന്റെ നിർമ്മാണം

* 753 [820] ശ്രീ. പി. ആർ. ശിവൻ:

,, എ. പി. കുര്യൻ:

,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കുട്ടികളുടെ സർവ്വവിജ്ഞാനകോശം നിർമ്മിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി;

(ബി) ഇതിന്റെ നിർമ്മാണച്ചുമതല ആരെ/ഏതു സ്ഥാപനത്തെ ഏൽപ്പിക്കാനാണ് തീരുമാനം;

(സി) ഇതിനുവേണ്ടി ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ടു തുടങ്ങാൻ ആലോചനയുള്ളതായി അറിയുന്നത് ശരിയാണോ;

(ഡി) എങ്കിൽ, വിജ്ഞാനകോശനിർമ്മാണം മാത്രം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടതും സ്തുത്യർഹമായ നിലയിൽതന്നെ പ്രവർത്തിക്കുന്നതുമായ എൻസൈക്ലോപീഡിക് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുള്ള സ്ഥിതിക്ക് കുട്ടികളുടെ വിജ്ഞാനകോശ നിർമ്മാണച്ചുമതല അവരെ ഏൽപ്പിക്കാതിരിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്ന സംഗതി എന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) കുട്ടികളുടെ സർവ്വവിജ്ഞാനകോശം നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് പഠിച്ച് ഗവൺമെന്റിലേക്കു റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഗവൺമെന്റിനു സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

(നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 752 [819] കാണുക)

Districts & Taluks identified by Town & Country Planning Organisation

District	Taluk
Cannanore	North Wynad South Wynad
Kozhikode	Quilandy Badagara
Malappuram	Ernad
Palghat	Mannarghat Palghat Chittur
Trichur	Mukundapuram
Ernakulam	Kunnathunad Kothamangalam
Kottayam	Meenachil Kanjirappally
Idukki	Thodupuzha Devicolam Udumbanchola Peermade
Quilon	Pathanamthitta Pathanapuram
Trivandrum	Neyyattinkara Nedumangad

LIBRARY ARCHIVES Kerala Legislative Assembly